# കർണാടകയും നീര ഉൽപാദനത്തിലേക്ക്

തിരുവനന്തപുരം: കേരളത്തിന് പിന്നാലെ കർണാടകയും നീര ഉൽപാദനത്തിലേക്ക് തിരിയുന്നു. കർണാടക സർക്കാരും നീര ഉൽപാദനം സംബന്ധിച്ച് പുതിയ നയരൂപികരണം ഉടൻ നടത്തും. പരമ്പരാഗത കേരോൽപാദക സംസ്ഥാനമായ കർണാടകയിലെ കേരകൃഷിയുടെ വിസ്തൃതി 5.11 ലക്ഷം ഹെക്ടറാണ്. ഉൽപാദനം 4,408 മില്യൺ നാളികേരവും ഉൽപാദന ക്ഷമത ഹെക്ടറിന് 9942 നാളികേരവുമാണ്. ഈ സാഹചര്യത്തിലാണ് കർണാടകയും നീര ഉൽപാദനത്തിലേക്ക് തിരിയുന്നത്. ലോകനാളികേരദിനമായ സെപ്തംബർ രണ്ടിന് ബാംഗ്ലൂരിൽ നടക്കുന്ന ചടങ്ങിൽ ഇത് സംബന്ധിച്ച പ്രഖ്യാപനമുണ്ടാകും. കർണാടക സർക്കാരുമായും സംസ്ഥാന ഹോർട്ടിക്കൾച്ചർ വകുപ്പുമായി സഹകരിച്ചാണ് ഇത്തവണ നാളികേരദിനം ആചരിക്കുന്നത്. കർണാടക ഹോർട്ടിക്കൾച്ചർ വകുപ്പിന്റെ പ്രത്യേക ക്ഷണമനുസരിച്ചാണ് ഇക്കുറി കർണാടകയിൽ നാളികേരദിനം ആചരിക്കുന്നത്. 'ഭാരതത്തിലെ നാളികേര മേഖലയുടെ ഭാവി ഇനി നീരയിലൂടെ' എന്നതാണ് ഈ വർഷത്തെ നാളികേരദിനത്തിന്റെ പ്രമേയം. ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിന്റെ ജെ.എൻ ടാറ്റാ ഓഡിറ്റോറിയത്തിൽ നടക്കുന്ന ലോകനാളികേരദിനാചരണം കേന്ദ്ര രാസവളവകുപ്പു മന്ത്രി അനന്തകുമാർ നിർവഹിക്കും. കർണാടക കൃഷി വകുപ്പു മന്ത്രി ബൈരേ ഗൗഡ അദ്ധ്യക്ഷത വഹിക്കും. നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ ജോസ് മുഖ്യപ്രഭാഷണം നടത്തും. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള നാളികേര ബോർഡിന്റെ പ്രാദേശിക, സംസ്ഥാനതല ഓഫീസുകളിലും നാളികേരദിനം ആഘോഷിക്കും. ഇന്ത്യയിലെ മുഴുവൻ കർഷകരിലേക്കും നീരയുടെ ഉത്പാദനം പ്രോത്സാഹിപ്പിക്കാനും മെച്ചപ്പെട്ട സാമ്പത്തിക വരുമാനം ലഭ്യമാക്കുന്നതിനും മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ സംസ്കരണ, വിപണന പ്രവർത്തനങ്ങളിലൂടെ കാർഷിക സമ്പദ്‌വ്യവസ്ഥ മെച്ചപ്പെടുത്തുകയെന്ന സന്ദേശം എത്തിക്കുകയുമാണ് നാളികേര ദിനാഘോഷത്തിന്റെ ലക്ഷ്യം.